പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3262 14.10.2011-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ കഴിയുമോ ; എത്ര ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുവാൻ എത്ര കാലയളവ് വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ ;

(എ) & (ബി) പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 140 നിയോജക മണ്ഡലങ്ങളിൽ 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായുള്ള ആർ. ജി. ജി. വി. വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ് ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ ആദ്യഘട്ട പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. വടക്കൻ കേരളത്തിലെ ആറുജില്ലകളിൽ ഈ പദ്ധതി അനുസരിച്ചുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. 2012 സെപ്റ്റംബർ മാസത്തോടുകൂടി ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. തെക്കൻ കേരളത്തിലെ ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 83.48 കോടി രൂപ ചെലവ് വരുന്ന പദ്ധതി

ക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്നും തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വേണ്ടി വരുന്ന കാലയളവ് ഇപ്പോൾ വ്യക്തമാക്കാൻ കഴിയുകയില്ല.

(സി) സംസ്ഥാനത്തെ ഓരോ മണ്ഡലത്തിലെയും വൈദ്യുതികരണത്തിൻെറ തോത് എത്ര ശതമാനം വീതമാണെന്ന് വെളിപ്പെടുത്തുമോ ?

(സി) ആർ. ജി. ജി. വി. വൈ പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരിക്കപ്പെടാനുള്ള ബി. പി. എൽ വീടുകളുടെ സർവ്വേ നടന്നു വരികയാണ്. വൈദ്യുതീകരിക്കപ്പെടാൻ ബാക്കിയുള്ള മുഴുവൻ വീടുകളുടെയും കണക്കെടുക്കുന്നതിനായുള്ള സർവ്വേ നടത്തിയാൽ മാത്രമേ ഓരോ മണ്ഡലങ്ങളുടെയും വൈദ്യുതീകരണ ശതമാനം കൃത്യമായി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ.